**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5249** **14-03-2023 - ൽ മറുപടിയ്ക്ക്**

**രണ്ടാം നൂറുദിന പരിപാടികളും ഡിജിറ്റൽ റീസർവേയുടെ പുരോഗതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിച്ച ഡിജിറ്റൽ റീസർവേ നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | റവന്യൂ ഭരണം സുഗമമാക്കുന്നതിനും, ഭൂസംബന്ധമായ സേവനങ്ങൾ കൂടുതൽ സുഗമമായ രീതിയിൽ ഓൺലൈൻ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി "എന്റെ ഭൂമി" എന്ന പേരിൽ സംസ്ഥാനത്ത് ആരംഭിച്ച ഡിജിറ്റൽ റീ സർവ്വേ നാലു വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഇതിനോടകം ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകൾ ഒഴികെ 1550 വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വേ നടത്തുന്നത്.<br><br>ഇതിൽ ആദ്യഘട്ട 200 വില്ലേജുകളിൽ സർവെ നടപടികൾ ആരംഭിച്ച് കഴിഞ്ഞു. പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെ അത്യാധുനിക സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായി നടത്തുന്ന പദ്ധതിക്ക് വേണ്ടി 'എന്റെ ഭൂമി' എന്ന പേരിൽ ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.<br><br>പദ്ധതി പ്രകാരമുള്ള ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേക്കായി 1500 സർവെയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റ് മുഖേന കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ പൂർണ്ണ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വാർഡു തലങ്ങളിൽ സർവ്വേ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകുന്നതിനും ആശങ്കകൾ ദൂരീകരിക്കുന്നതിനുമുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റവന്യൂ വകുപ്പിന്റെ സ്വപ്നപദ്ധതികളിലൊന്നായ ഡിജിറ്റൽ റീസർവേ യാഥാർത്ഥ്യമാക്കുന്നതിനായി സർവേ ഓഫ് ഇന്ത്യയുടെ സഹകരണം അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ പ്രതികരണം എന്തായിരുന്നു എന്ന് വിശദമാക്കുമോ; | (ബി) | സർവേ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെയാണ് സംസ്ഥാനത്ത് 28 CORS സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുള്ളത്. അത്യാധുനിക സർവ്വേ ഉപകരണങ്ങളായ Real Time Kinematic (RTK) Rover Robotic Total Station, Tablet PC എന്നിവ ലഭ്യമാക്കി ടി ഉപകരണങ്ങളെ Continuously 'Operating Reference Station (CORS) എന്ന GPS Network ന്റെ പരിധിക്കുള്ളിൽ പ്രവർത്തിപ്പിച്ച് ഏകീകൃതമായി ഡിജിറ്റൽ സർവെ നടത്തുന്ന പദ്ധതിയാണ് സംസ്ഥാനത്ത് നിലവിൽ നടന്ന് വരുന്നത്. റവന്യൂ മന്ത്രിയും സർവ്വെ റവന്യൂ ഉദ്യോഗസ്ഥരും സർവ്വേ ഓഫ് ഇന്ത്യയുടെ ആസ്ഥാനത്ത് വെച്ച് ആവശ്യമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (സി) | ഡിജിറ്റൽ റീസർവേ പൂർത്തിയാകുന്നതിലൂടെ സർവേ, റവന്യൂ രജിസ്ട്രേഷൻ മേഖലകളിൽ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (സി) | ഡിജിറ്റൽ സർവെ പദ്ധതിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുന്നതിന്റെ ഭാഗമായി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതു ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് എന്റെ ഭൂമി' എന്ന ഓൺലൈൻ പോർട്ടൽ സർവെയും ഭൂരേഖയും വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. സർവെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ പോർട്ടൽ മുഖേന അറിയാൻ സധിക്കുന്നതാണ്. ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാകുന്ന വില്ലേജുകളിൽ സർവ റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളിലെ സേവനങ്ങൾ ഒരു ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനുള്ള സവിധാനം NIC മുഖേന തയ്യാറാക്കി വരുന്നു. |
| (ഡി) | റവന്യൂ വകുപ്പിന്റെ സമഗ്രമായ പുന:സംഘടന നടപ്പിലാക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഡി) | പദ്ധതി തയ്യാറാക്കിയിട്ടില്ല |
| (ഇ) | രണ്ടാം നൂറുദിന പരിപാടിയിൽ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ? | (ഇ) | സർക്കാർ 2 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന മൂന്നാം 100 ദിന കർമ്മ പരിപാടി 2023 ഫെബ്രുവരി 10 മുതൽ 2023 മെയ് 20 വരെയാണ്. മൂന്നാം നൂറ് ദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പിന്റെ 19 പദ്ധതികളിലായി 167 സംരഭങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. 40000 പട്ടയങ്ങളുടെ വിതരണം.<br>2. CORS Control Centre ഉദ്ഘാടനം. |

| | | | | |
|---|---|---|---|---|
| | | | | 3. അനധികൃത പ്രകൃതി ചൂഷണം റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം.<br><br>4. ഇടുക്കിയിൽ റവന്യൂ ഗസ്റ്റ് ഹൗസ്.<br><br>5. ഐ.എൽ.ഡി.എം-ൽ ഓപ്പൺ എയർ ഓഡിറ്റോറിയം<br><br>6. ഓൺലൈൻ ബി.റ്റി.ആർ മോഡ്യൂൾ.<br><br>7. കോട്ടയം ജില്ല റവന്യൂ ഇ- ജില്ലയായി മാറുന്നു.<br><br>8. കോഴിക്കോട് സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ്<br><br>9. ജില്ലാ അടിയന്തര കാര്യ നിർവ്വഹണ കേന്ദ്രം (DEOC)<br><br>10. ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി തോഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.<br><br>11. താലൂക്ക് അടിയന്തര കാര്യനിർവ്വഹണ കേന്ദ്രങ്ങളുടെ ഉദ്ഘാടനം (TEOC).<br><br>12. തൃശ്ശൂർ താലൂക്ക് ഓഫീസ് പൈതൃക മന്ദിര ഉദ്ഘാടനം.<br><br>13. പ്രവാസികളുടെ റവന്യൂ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രവാസി സെൽ<br><br>14. മാനന്തവാടി സബ്ബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് ഉദ്ഘാടനം.<br><br>15. രാജീവ് ഗാന്ധി ദശലക്ഷം ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പട്ടയം അനുവദിക്കുന്നത്<br><br>16. പട്ടയമിഷൻ.<br><br>17. സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനം.<br><br>18. റവന്യൂ അവാർഡ് വിതരണം.<br><br>19. റവന്യൂ ഇ- സാക്ഷരതാ മിഷൻ. |

സെക്ഷൻ ഓഫീസർ